(ബി&സി) കൃഷി അനുബന്ധ മേഖലകൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവയ്ക്കുന്നതിനായി പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. (നയം 282-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം

133 (5483) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്ക് അവരുടെ ഹോർട്ടിക്കൾച്ചർ വിളകളുടെ വിത്തുമുതൽ വിപണി വരെയുള്ള ആവശ്യങ്ങൾക്ക് അനുഭാവപൂർണ്ണമായ പിന്തുണ നൽകുകയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പരമപ്രധാന ലക്ഷ്യം. ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണമുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പായ്ക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ, കൂശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ. ഇതുകൂടാതെ കൂൺ കൃഷിയും തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കൃഷിവകുപ്പ് മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡിയാണ്. ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കാർഷികോത്പാദന കമ്മീഷണർ ചെയർമാനും മിഷൻ ഡയറക്ടർ, മെമ്പർ സെക്രട്ടറിയുമായുള്ള സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നത് ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ വൈസ് ചെയർമാനും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ) മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ജില്ലാതല കമ്മിറ്റിയാണ്.

കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ്

134 (5484) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?